# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :01/01/2020


## പുതുവർഷം മദ്യലഹരിയിൽ ആഘോഷിക്കാൻ ശ്രമിച്ചവർ സിറ്റി പോലീസിന്റെ കൈയ്യിൽ സുരക്ഷിതർ

**കൊല്ലം :** പുതുവത്സരം മദ്യലഹരിയിൽ ആഘോഷിക്കാൻ ശ്രമിച്ച യുവാക്കൾ കെല്ലം സിറ്റി പോലീസിന്റെ കൈകളിൽ സുരക്ഷിതർ. പുതുവത്സരദിനത്തിൽ മദ്യപിച്ച് വാഹനമോടിച്ച അൻപതോളം പേരേയും അമിതവേഗതയിലും അലക്ഷ്യമായും വാഹനം ഓടിച്ച പതിനഞ്ചോളം പേരെയുമാണ് രാത്രി മുഴുവൻ സിറ്റി പോലീസിന്റെ സുരക്ഷിത കൈകളിൽ സംരക്ഷിച്ചത്. ഇവർക്കെതിരെ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്ത് വീട്ടിൽ നിന്നും ഉത്തരവാദിത്തപ്പെട്ട വരെ വിളിച്ച് വരുത്തി രാവിലെ വിട്ടയക്കുകയും വാഹനങ്ങൾ കോടതിയിൽ ഏൽപ്പിക്കുകയും ചെയ്തു. പുതുവർഷത്തിന്റെ ആഘോഷം പ്രമാണിച്ച് കെല്ലം സിറ്റിയിൽ തിങ്കളാഴ്ച മൂന്ന് മണിമുതൽ പ്രധാന കവലകളിലും മറ്റും പോലീസിന്റെ കനത്ത വാഹനസുരക്ഷാ പരിശോധന ഉണ്ടായിരുന്നു. ചിലയിടങ്ങളിൽ മദ്യപിച്ച് അക്രമ സ്വഭാവം കാട്ടിയവരെ കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ കരുതൽ തടങ്കലിൽ പാർപ്പിച്ച ശേഷം വിട്ടയച്ചു. പുതുവർഷരാവിൽ കൊല്ലം സിറ്റിയെ സുരക്ഷിതമാക്കാൻ ഉണർന്ന് പ്രവർത്തിച്ച എല്ലാ സേനാംഗങ്ങൾക്കും ജില്ലാ പോലീസ് മേധാവി നല്ലൊരു പുതുവർഷം ആശംസിച്ചു.

